കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചേർപ്പ് ഗ്രാമ പഞ്ചായത്ത്
2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ(പി2)1358/2017

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680 020

Ph.No.0487 2331249

e-mail:dotsr.ksad@kerala.gov.in
തിയ്യതി 07.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേർപ്പ് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: ചേർപ്പ് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ലെ 2-2,2-3 ഖണ്ഡികയിലേക്കും ഭാഗം 3ലെ 3-13, 3-16 ഖണ്ഡികയിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23,1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ,

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി2)1358/2017 തിയ്യതി 07.09.2017

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.08.2017 മുതൽ 17.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ടഉദ്യോഗസ്ഥൻ | ചേക്കുട്ടി.കെ.യു<br>ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.8.2017 മുതൽ<br>17.8.2017 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ | റഫി ജോൺ,<br>ഓഡിറ്റ് ഓഫീസർ |
| | ശിവദാസൻ എ.കെ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സുനിൽകുമാർ കെ.സി<br>സീ.ഗ്രേഡ് ഓഡിറ്റർ |
| | നിജു സി.എസ്<br>ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | സി.കെ.വിനോദ് | 01.4.2016-31.3.2017 |
| സെക്രട്ടറി | പ്രജീഷ് പി | 01.4.2016-8.4.2016 |
| അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | വേൽമുരുകൻ ടി | 09.04.2016-16.09.2016 |
| സെക്രട്ടറി | മീതിയൻ എ എം | 17.09.2016-31.3.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | വേൽമുരുകൻ | 01.4.2016-31.3.2017 |
| അസി എഞ്ചിനീയർ | ധന്യ.ടി.വി | 1.4.2016-31.3.2017 |
| കൃഷി ഓഫീസർ | ഷൈലജ കെ.എസ് | 1.4.2016-31.3.2017 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | രതി.കെ | 1.4.2016-31.3.2017 |
| മെഡിക്കൽഓഫീസർ,സി.എച്ച്.സി | ഡോ.വീണ | 1.4.2016-31.3.2017 |
| മെഡിക്കൽഓഫീസർ,ആയുർവേദം | ഡോ.ഉഷ സലൂജ | 1.4.2016-3.8.2016 |
| | ഡോ.സുജിത്ത് | 04.08.2016-31.3.2017 |
| വെറ്ററിനറി സർജൻ | ഡോ.എം .എ മനോജ് കുമാർ | 1.4.2016-12.2.2017 |
| | ഡോ.ബീന | 13.2.2017-31.3.2017 |
| വിഇഒ, എട്ടുമന | രാഗി ടി.ആർ | 1.4.2016-31.3.2017 |
| വിഇഒ, ഊരകം | ജോഷീല പി.ജെ | 1.4.2016-31.3.2017 |
| എച്ച്.എം | ഷീല ടി.ജി | 1.4.2016-31.3.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | പെർമിറ്റ് രജിസ്റ്റർ, ഫയൽ എന്നിവ പരിപാലിക്കുന്നതിലെ അപാകതകൾ | 2-1 |
| 13 | സഞ്ചയ ഇന്റഗ്രേഷൻ കൃത്യത വരുത്താൻ ഔട്ട് ഡോർ കളക്ഷനുകൾ ഇന്ററപ്റ്റഡ് രശീതുവഴി അതതുദിവസം സാംഖ്യയിൽ അടവാക്കേണ്ടതാണ് | 2-2 |
| 14 | വാടകയിനം- വരുമാന നഷ്ടമുണ്ടാകാൻ | 2-3 |

| | | |
|---|---|---|
| | ഇടയാക്കാതെ 2016-17 ലെ 1,37,814/- രൂപ -വാടക അരിയർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | |
| 15 | ട്രേഡ്സ് ലിസ്റ്റ് ,ട്രേഡ്സ് തൊഴിൽ നികുതി എന്നീ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ പൂർണ്ണമല്ല | 2-4 |
| 16 | ലൈവ് സ്റ്റോക്ക് ചട്ട പ്രകാരമല്ലാതെ ഫാം നടത്തുന്നു | 2-5 |
| 17 | രജിസ്ട്രേഷൻ ഇല്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-6 |
| 18 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-7 |
| 19 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല/ഡിമാന്റ് ചെയ്തിട്ടില്ല | 2-8 |
| 20 | ഇ-ടെണ്ടർ ഫീ-വരവ് തനതുഫണ്ടിലേക്ക് ഉറപ്പ് വരുത്തേണ്ടതാണ് | 2-9 |
| | ഭാഗം 3 | |
| 21 | സംസ്കാരനഗർ വഴി കോൺക്രീറ്റിംഗ് തകരാറിലായത് - പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പാക്കിയില്ല | 3-1 |
| 22 | ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ ബാക്കി നിൽക്കുന്ന 4000 രൂപ തിരികെ ഈടാക്കേണ്ടതാണ്. | 3-2 |
| 23 | എം.എൻ ലക്ഷം വീട് പുനരുദ്ധാരണത്തിനായി ലഭിച്ച തുക ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു | 3-3 |
| 24 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി- മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-4 |
| 25 | ആശ്രയ ഭവനപദ്ധതി -പൂർത്തിയാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. | 3-5 |
| 26 | ഗാർഹിക ബയോഗ്യാസ് പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. | 3-6 |
| 27 | ഭവനപുനരുദ്ധാരണം-ജനറൽ പൂർത്തീകരിക്കേണ്ടതാണ്. | 3-7 |
| 28 | പൊതുടാപ്പ്-സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-8 |
| 29 | പൈക്ക ഫണ്ട് അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക വിനിയോഗിക്കേണ്ടതാണ്. | 3-9 |
| 30 | കന്ന്കുട്ടി പരിപാലന പദ്ധതി | 3-10 |
| 31 | കേരളോത്സവം - യുവജനക്ഷേമബോർഡിൽനിന്നുമുള്ള ധനസഹായം ലഭിക്കുന്നതിനുള്ള | 3-11 |

| | | |
|---|---|---|
| | നടപടികളെടുക്കേണ്ടതാണ്. | |
| 32 | രശീതി, ധനവിനിയോഗസർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല. | 3-12 |
| 33 | കമ്പ്യൂട്ടറുകളുടെയും അനുബന്ധസാമഗ്രികളുടെയും വാങ്ങൽ - നടപടിക്രമങ്ങളിലെ അപാകതകൾ | 3-13 |
| 34 | പഞ്ചായത്തിലേക്ക് ജനറേറ്റർ വാങ്ങൽ | 3-14 |
| 35 | നെൽകൃഷിവികസനം - നെൽവിത്ത് വിതരണം ചെയ്തതിന് കൈപ്പറ്റ് രശീതി ലഭിച്ചില്ല. | 3-15 |
| 36 | തെരുവുവിളക്കുകൾക്കാവശ്യമായ സാമഗ്രികൾവാങ്ങൽ - അപാകങ്ങൾ | 3-16 |
| | ഭാഗം 4 | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 46 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 5.3.2016 തിയതിയിലെ 168-ാം നമ്പർ* തീരുമാനപ്രകാരം അംഗീകരിച്ചു. ആകെ വരവ് 153000350.84/-രൂപയും ആകെ ചെലവ് 110663000 രൂപയും ആണ്.

* ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ 2015-16 വർഷത്തെ ബജറ്റ് തുടരുവാൻ തീരുമാനിച്ചു

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 22.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1.നാളിതു വരെ സൃഷ്ടിക്കപ്പെട്ട ആസ്തിബാധ്യതാ കണക്കാക്കി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

2.പൈക്ക അക്കൗണ്ടിൽ 162165 രൂപ നീക്കിയിരുപ്പുണ്ട്. അക്കൗണ്ടിൽ ഇത്രയും തുക നീക്കിയിരുപ്പുള്ളപ്പോൾ തന്നെ ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ പൈക്ക ഇനത്തിലെ നീക്കിയിരുപ്പായി കാണിച്ചിരിക്കുന്നത് 36000 രൂപ മാത്രമാണ്. മാത്രമല്ല TDCB A/C NO. 80000740618 ന്റെ പാസ്സ് ബുക്ക് 15-04-13 വരെ മാത്രമേ അപ്ഡേറ്റ് ചെയ്തിട്ടുള്ളൂ എന്നും കാണുന്നു

3. നോൺ ഓപ്പറേറ്റീവ് ആയ അക്കൗണ്ടിൽ ട്രഷറി ടി.പി.അക്കൗണ്ട്, ട്രഷറി ഓൺ അക്കൗണ്ട് വി.പി.എഫ്.എ 1-2 എന്നിവ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
4. ബജറ്റ് ഫങ്ഷൻ, ഫങ്ഷണറി അടിസ്ഥാനത്തിലല്ല

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27696844.84 |
| വരവ് | 57116131 |
| ആകെ | 84812975.84 |
| ചെലവ് | 53754631 |
| നീക്കിയിരിപ്പ് | 31058344.84 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി | ചെലവു ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14108605 | 14108605 | 12922857 | 1185748 | 91.59 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 9865026 | 9865026 | 4053979 | 5811047 | 41.09 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 209544 | 209544 | 209544 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4108530 | 4108530 | 1106716 | 3001814 | 26.93 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3854154 | 3854154 | 3618819 | 235335 | 93.89 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 7911977 | 7911977 | 4530614 | 3381363 | 57.26 |
| ലോക ബാങ്ക് സഹായം | 0 | 4327026 | 4327026 | 770255 | 3556771 | 17.80 |

| | | | | | | |
|---|---|---|---|---|---|---|
| എൻ ആർ ഇ ജി എസ് | 648 | 1048766 | 1049414 | 1045518 | 3896 | 99.62 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 126 | 84992829 | 77 | 41018037 | 5 | 44 | 61 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2.31% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 7516706 | 8509388 | 992682 | +13.20 |
| നികുതി വരവുകൾ | 1303123 | 1463629 | 160506 | +12.3 |
| മറ്റുവരവുകൾ | 1697628 | 788324 | -909304 | -53.56 |
| ആകെ | 10517457 | 10761341 | 243884 | +2.31 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 109560 | 155 |
| കർഷകതൊഴിലാളി പെൻഷൻ | 4532630 | 441 |
| വിധവാപെൻഷൻ | 16427120 | 1612 |
| വാർദ്ധക്യകാലപെൻഷൻ | 23408410 | 1977 |
| വികലാംഗപെൻഷൻ | 2941790 | 326 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 180000 | 6 |
| അവിവാഹിതപെൻഷൻ | 2338630 | 253 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.8.2017 തിയതി 2.40 pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22249 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ഡേബുക്ക്,ക്യാഷ് ബുക്ക് എന്നിവയുമായി ഒത്തുനോക്കി, ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണ്. റന്റ് രജിസ്റ്റർ ,ട്രേഡേഴ്സ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.7.17 | 5/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.03.15-17.4.2015 | 2009 മുതൽ 2013-14 | 01.06.15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പെർമിറ്റ് രജിസ്റ്റർ, ഫയൽ എന്നിവ പരിപാലിക്കുന്നതിലെ അപാകതകൾ

2016-17 ലെ പെർമിറ്റ് ഫയൽ പരിശോധിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ അപേക്ഷ തിയ്യതി ചേർക്കുന്നില്ല.
2. റെഗുലറൈസേഷനായി പ്രത്യേക രജിസ്റ്റർ വർഷാവസാനം മുതൽക്കെ സൂക്ഷിച്ചതായി കാണുന്നുള്ളൂ.
3. കാലാവധി കഴിഞ്ഞ പെർമിറ്റുകൾ പുതുക്കുന്നതിന് നോട്ടീസ് അയക്കുന്നില്ല.
4. പെർമിറ്റ് ഫയൽ, കംപ്ലീഷൻ ഫയൽ , നമ്പറിംഗ് എന്നിവ ഒറ്റഫയലായി സൂക്ഷിക്കുന്നില്ല.
5. ആവശ്യപ്പെട്ട എല്ലാ ഫയലുകളും പരിശോധനക്ക് ലഭിച്ചിട്ടില്ല.

## 2-2 സഞ്ചയ ഇന്റഗ്രേഷൻ കൃത്യത വരുത്താൻ ഔട്ട് ഡോർ കളക്ഷനുകൾ ഇന്ററപ്റ്റഡ് രശീതുവഴി അതതുദിവസം സാംഖ്യയിൽ അടവാക്കേണ്ടതാണ്

വസ്തു നികതി ഔട്ട് ഡോർ കളക്ട് ചെയ്തത് കളക്ഷൻ ക്ലർക്കിന്റെ പേരിൽ സാംഖ്യയിൽ ഒടുക്കുന്നതായാണ് കാണുന്നത്. പിന്നീട് മാപ്പിംഗ് ചെയ്യുമ്പോൾ തെറ്റുകൾ സംഭവിക്കാൻ ഇതു ഇടയാക്കുന്നു.മാപ്പിംഗ്/പി ഡി ഇ മോഡ് വഴി ഇത് ശരിയാക്കാൻ സാധിക്കുമെങ്കിലും യഥാസമയത്ത് വസ്തു നികുതി അടച്ച വ്യക്തികളുടെ പരാതിക്ക് ഇതു കാരണമാകാം.

ഉദാഹരണമായി

1.54024/88 രശീതു പ്രകാരം 15.12.2016 ന ചാക്കപ്പൻ മകൻ ജോസഫ് വാർഡ് /കെട്ടിട നം III/362A BT 2016-17 797/-രൂപ സാംഖ്യയിൽ അടവാക്കിയിരുന്നതു ഓഡിറ്റിനു ഹാജരാക്കിയ തൻവർഷത്തെ സഞ്ചയ വാർഡ്തിരിച്ചുള്ള ഡി സി ബി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല.(എൻക്വയറി നം 3/10.8.17)
ഇന്ററപ്റ്റഡ് രശീതു വഴി അതതു ദിവസം ഓരോ വ്യക്തിയുടെയും വസ്തു നികുതി നേരിട്ട് സാംഖ്യയിലേക്ക് അടവാക്കേണ്ടതാണ്.വസ്തു നികുതി അടയ്ക്കുന്നതു സഞ്ചയയിലേക്ക് ഇന്റഗ്രേഷൻ അതതു ദിവസം നടത്തപ്പെടുന്നുണ്ടൊയെന്നു ഉറപ്പു വരുത്തേണ്ടതാണ്.

ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ വേർഡിൽ കളക്ഷൻ വിവരങ്ങൾ ടൈപ്പ് ചെയ്തതത് ഒട്ടിച്ചു വരുന്നതായാണ് കണ്ടുവരുന്നത്. ഇതു ശരിയായ പ്രവണത അല്ല. ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തലുകളില്ല. കളക്ഷൻ രജിസ്റ്ററിലെ എൻട്രികളുടെ കൃത്യത പരിശോധിക്കേണ്ടതാണ്. ഡെ ബുക്ക് അതതു ദിവസം പ്രിന്റ് എടുക്കുകയും സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 2-3 വാടകയിനം- വരുമാന നഷ്ടമുണ്ടാകാൻ ഇടയാക്കാതെ 2016-17 ലെ 137,814/- രൂപ -വാടക അരിയർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

അക്കൗണ്ട്സ് പ്രകാരം 2015-16 ൽ 138,408/- രൂപയും 2016-17 ൽ 137,814/- രൂപയും വാടക അരിയർ ലഭിക്കാനുണ്ട്. എന്നാൽ വാടക പിരിക്കുന്നതിലും വാടകക്കരാർ ലംഘിക്കുന്നവർക്കെതിരെ നടപടി കൈകൊള്ളുന്നതിലും പഞ്ചായത്ത് താഴെപറയും പ്രകാരം വീഴ്ചകൾ വരുത്തിയിട്ടുണ്ട്

2016-17 ലെ 40 കരാർ പത്രങ്ങൾ പരിശോധിച്ചതിൽ 2015-16, 2014-15 വർഷങ്ങളിൽ കുടിശ്ശിക വരുത്തിയ വാടകമുറിക്കാരുമായി 2016-17 ൽ എഗ്രിമെന്റ് വെച്ചിരിക്കുന്നതായി കാണുന്നു

--സ്ഥാപന പേര്,സ്റ്റാൾ നം/കടമുറി നം ,കരാർ തുക,തിയ്യതി, എക്സിക്യൂട്ടിവ് അതോറിറ്റിയുടെ സാക്ഷ്യപ്പെടുത്തൽ എന്നിവയൊന്നും കൂടാതെയാണ് എഗ്രിമെന്റ് വെക്കുന്നത്.

--മാർച്ച് അവസാനത്തോടുകൂടി വെക്കേണ്ടതായ കരാറുകൾ ആഗസ്റ്റിലും വെച്ചു കാണുന്നു.കരാർ ലംഘിക്കുന്നവർക്കെതിരെ ബൈലോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്റ്റാളുകൾ പുന:ലേലം നടത്തേണ്ടതുമാണ്

--5% വാടകയിൽ വാർഷീകവർദ്ധനവ് നടത്തുമ്പോൾ ഒരു വർഷത്തെ വാടക ഒരുമിച്ച് കരാർ സമയത്ത് അടക്കുന്നവർക്ക് 5% ഡിസ്കൗണ്ട് നൽകുന്ന തീരുമാനം വാടക നഷ്ടത്തിനിടയാക്കുന്നതു കൊണ്ട് തീരുമാനം പുന പരിശോധിക്കേണ്ടതാണ്.

--രജിസ്റ്റർ പരിപാലിക്കുന്നതിൽ കൃത്യതയില്ല

2015-16 ലെ വാടക അരിയർ ,2016-17 ലെ വാടക അരിയർ എന്നിങ്ങനെ അരിയർ ഡിമാന്റ് ഡിസിബി രജിസ്റ്ററിൽ പിഴ പ്പലിശയടക്കം( ബൈലോ പ്രകാരം കണക്കാക്കിയതനുസരിച്ച്) എഴുതുന്നില്ല .തൻവർഷത്തിലും മാസ വാടക അതതു മാസം 5ാം തീയതിക്കു ശേഷം വൈകി അടവാക്കുന്നവരിൽ നിന്നും പിഴ പലിശ കണക്കാക്കി ഈടാക്കുന്നില്ല.

കടമുറി ലേലം ഉറപ്പിക്കുന്ന സമയത്ത് കെട്ടിവെച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് ,3 മാസത്തെ മുൻകൂർ വാടക സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല(എൻക്വയറി നം 12/16.8.2017).

ബൈലോക്ക് വിരുദ്ധമായാണ് കരാർ വെച്ചിട്ടുള്ളതെങ്കിൽ ബൈലോ പ്രകാരമുള്ള നടപടികൾ കരാറുകാർക്കെതിരെ സ്വീകരിക്കേണ്ടതാണ്.

മേൽ പ്പറഞ്ഞ ന്യൂനതകൾ ആവർത്തിക്കപ്പെടാതെ,വാടക അരിയർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

## 2-4 ട്രേഡേഴ്സ് ലിസ്റ്റ് ,ട്രേഡേഴ്സ് തൊഴിൽ നികുതി എന്നീ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ പൂർണ്ണമല്ല

ചേർപ്പ് പഞ്ചായത്തിനു കീഴിൽ വാണിജ്യാവശ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 794 കെട്ടിടങ്ങൾക്ക് ഡി ആന്റ് ഓ ലൈസൻസ് നൽകിയിട്ടുണ്ട്. ഇവയെല്ലാം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആകെ 546 സ്ഥാപനങ്ങളാണ് ട്രേഡേഴ്സ് രജിസ്റ്ററിൽ എഴുതിക്കാണുന്നത്. ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർഎഴുതിയിരിക്കുന്നതും പൂർണ്ണമല്ല. 273 ട്രേഡ് സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരങ്ങളേ രജിസ്റ്ററിൽ നിന്നു ലഭ്യമുള്ളൂ. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമായി തയ്യാറാക്കുകയും അതനുസരിച്ച് ഡി ആന്റ് ഒ ലൈസൻസ് ഫീ, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-5 ലൈവ് സ്റ്റോക്ക് ചട്ട പ്രകാരമല്ലാതെ ഫാം നടത്തുന്നു

2016-17 വർഷത്തിൽ ഡൊമസ്റ്റിക് ഡോഗ്സ്/പിഗ്സ് എന്നയിനത്തിൽ ലൈസൻസ് നല്കിയ താഴെ പറയുന്ന ലൈസൻസിക്ക് സർക്കാർ ഉത്തരവ് നമ്പർ 101/2012 ത.സ്വ.ഭ.വ തിയ്യതി 13.4.2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം നം-3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. പന്നി,പട്ടികളെ വളർത്തുന്നതിനുള്ള ലൈസൻസ് ആണ്എടുത്തിട്ടുള്ളത്.അപേക്ഷയിൽ സെക്രട്ടറി അനുവദിച്ചതായുള്ള സാക്ഷ്യപ്പെടുത്തൽ ഇല്ല.വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം/വാർഡ് നം | പേരു വിവരം | സ്ഥാപനത്തിന്റ പേര് |
|---|---|---|
| XVI/423 | രാജീവ് ടി ആർ, തട്ടാരത്ത് വീട് | പന്നി ഫാം |

ഫീ 300/-രൂപ 11603102622/5.8.16 രശീതു പ്രകാരം അടവാക്കിയിട്ടുണ്ട്

ഫോറം 2 ൽ അപേക്ഷ സ്വീകരിക്കേണ്ടതാണ്. ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ പ്രകാരം മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കേണ്ടതും ലൈസൻസില്ലാതെ ആയവ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്

## 2-6 രജിസ്ട്രേഷൻ ഇല്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

താഴെ കൊടുത്തിരിക്കുന്ന ഡി ആന്റ് ഓ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

| ക്രമ നം | ലൈസൻസിയുടെ പേര് | സ്ഥാപനം | വാർഡ് നം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | രാകേഷ് ഒ എം<br>ചിറ്റൂർ മന | നിരാമയം ഹെരിറ്റേജ് ആയുർവ്വേദ ആശുപത്രി | Xx/823 |
| 2 | അർച്ചന ജോൺ സി | നവജ്യോതി പ്രൊവിൻഷ്യലേറ്റ് ഒളരി | IX/592 |

പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്യകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1)സരസ്വതി കോളേജ് ,ചേർപ്പ്

2)വിദ്യഭാരതി സയൻസ് അക്കാദമി,ചേർപ്പ്

3)മെന്റേഴ്സ് അക്കാദമി,ചേർപ്പ്

മേൽ സ്ഥാപനങ്ങൾക്കെതിരെ 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-8 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല/ഡിമാന്റ് ചെയ്തിട്ടില്ല

ഡി സി ബി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കെടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല

എസ് എൻ ബി പി ചേർപ്പ് സർക്കിൾ(ഒന്നും രണ്ടും അർദ്ധ വർഷം)

ഹാൻടെക്സ് ചേർപ്പ്(ഒന്നും രണ്ടും അർദ്ധ വർഷം)

പോസ്റ്റ് ഓഫീസ് ചേർപ്പ് വെസ്റ്റ്(ഒന്നും രണ്ടും അർദ്ധ വർഷം)

നേഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്((ഒന്നാം അർദ്ധ വർഷം)

ചേർപ്പ് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്(രണ്ടാം അർദ്ധ വർഷം)

<u>ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല</u>

താഴെ കെടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

ലൂർദ്ദ് മാതാ സ്കൂൾ ,ചേർപ്പ്

ഗവ.ജൂനിയർ ബേസിക് സ്കൂൾ ,ചേർപ്പ്

പഞ്ചായത്തിനു പരിധിയിലുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ

ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, വസ്ത്രാലയങ്ങൾ

സൂപ്പർ/ഹൈപ്പർ/മാർജിൻഫ്രീ മാർക്കറ്റുകൾ

സോ,ഓയിൽ മില്ലുകൾ പെട്രോൾ പമ്പുകൾ

ഗാർഹീക ഉപകരണ,ഫർണീച്ചർ വ്യാപാര സ്ഥാപനങ്ങൾ

(ഓഡിറ്റ് എൻക്വയറി നം 12/16.8.17)
തൊഴിൽ നികുതി ഈടാക്കുന്നതിനായി 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ഇ-ടെണ്ടർ ഫീ-വരവ് തനതുഫണ്ടിലേക്ക് ഉറപ്പ് വരുത്തേണ്ടതാണ്

2016-17 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ 3 പ്രോജക്ടുകൾക്ക് ഇ-ടെണ്ടർ നടത്തിയിട്ടുണ്ട്. ഇതിൽ നിന്നുള്ള 25700/- ടെണ്ടർ ഫീ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഗ്രാമപഞ്ചായത്തിനു ഇതു വരെ ലഭ്യമായിട്ടില്ല. ഇ-ടെണ്ടർ ഫീ ലഭ്യമാക്കുവാനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സംസ്കാരനഗർ വഴി കോൺക്രീറ്റിംഗ് തകരാറിലായത് - പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 31-05-2017 തിയ്യതിയിലെ ജനറൽ കമ്മിറ്റി തീരുമാനം 185/16 അനുസരിച്ച് 2016-17 വർഷം നിർമ്മിച്ച സാംസ്കാര നഗർ വഴി കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയിൽ ഗ്യാരണ്ടി പീരീഡിനകത്ത് വഴി തകരാറായായതിനെത്തുടർന്ന് അസി.എഞ്ചിനീയറോട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. തുടർനടപടികളെടുത്തിട്ടുണ്ടെങ്കിൽ ആയത് അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് എഞ്ചിനീയർ സ്ഥലം സന്ദർശിച്ചതായും ചിലയിടങ്ങളിൽ കോൺക്രീറ്റ് ഇളകിയത് കേടുപാടുകൾ തീർക്കുന്നതിന് നിർദ്ദേശിച്ചതായും ശേഷം മാത്രമേ എസ്.ഡി തിരികെ നൽകൂ എന്നും അറിയിച്ചിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-13

## 3-2 ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽബാക്കി നിൽക്കുന്ന 4000 രൂപ തിരികെ ഈടാക്കേണ്ടതാണ്.

2016-17 വർഷത്തെ ബാലൻസ് ഷീറ്റിൽ ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ 16000 രൂപ തിരിച്ചു പിടിക്കാൻ ബാക്കിയുള്ളതായി കണ്ടതിനെ തുടർന്ന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. തുടർന്ന് 12000 രൂപ തിരികെ അടച്ചിട്ടുണ്ട്. ബാക്കി 4000 രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 എം.എൻ ലക്ഷം വീട് പുനരുദ്ധാരണത്തിനായി ലഭിച്ച തുക ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു.

എം.എൻ ലക്ഷം വീട് പുനരുദ്ധാരണത്തിനായി തുടങ്ങിയ കാനറ ബാങ്ക് അക്കൗണ്ടിൽ (A/c No. 0709101037176) നീക്കിയിരുപ്പായി 809552 രൂപ കാണുന്നു. പ്രസ്തുത തുക വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി-മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രൊജക്റ്റ് നമ്പർ S022/2017

അടങ്കൽ 400000

ചെലവ് 365500

ബിൽ നമ്പർ 1/2016-17 -15500/18-11-2016

2/2016-17- 35000/25-2-2016

4/2016-17- 175000/22-2-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ,പി എച്ച് സി/സിഎച്ച്സി. ചേർപ്പ്

2016-17 സാമ്പത്തിക വർഷത്തിൽ ചേർപ്പ് ഗ്രാമപഞ്ചായത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയ്ക്കായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 70000 രൂപ 27.3.2017ന് നല്കിയിട്ടുണ്ട് (A/C No. 3624001800000019). നാളിതുവരെയായിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ആശ്രയ ഭവനപദ്ധതി -പൂർത്തിയാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

പദ്ധതി നമ്പർ 169/2016-17

അടങ്കൽ 250000

ചെലവ് 25000

ബിൽ നം. 9/2016-17/25-3-2017

നി.ഉദ്യോഗസ്ഥൻ വിഇഒ എട്ടുമന

ചേർപ്പ് പഞ്ചായത്തിന്റെ 2016-17 വർഷത്തെ ആശ്രയ പദ്ധതിയിൽ ഭവനനിർമ്മാണത്തിനായി 5-ാം വാർഡിലെ ശ്രീമതി.ശാന്ത, കളരിക്കൽ ഹൗസ് എന്ന ഗുണഭോക്താവിനെ തെരഞ്ഞെടുത്തിരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 25000 രൂപയാണ് വിതരണം ചെയ്തിട്ടുള്ളത്. തറ പണി മാത്രമാണ് നടന്നിട്ടുള്ളത്. ഈ ഭവനനിർമ്മാണം പൂർത്തീകരിക്കിന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ഗാർഹീക ബയോഗ്യാസ് പദ്ധതി പൂർത്തീകരിക്കേണ്ടതാണ്

പദ്ധതി നം. S062/2017

അടങ്കൽ 349500

ചെലവ് 341250

ബിൽ നം. 3/2016-17/16-03-2017 തുക 136500

ബിൽ നം. 4/2016-17/29-03-2017 തുക 204750

മേൽ പദ്ധതിയ്ക്കായി 65 ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തിരുന്നത്. ഗുണഭോക്തക്കളുടെ പക്കൽ നിന്നും 3000 രൂപ വീതം ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി കരാറിലേർപ്പെടുകയും ചെയ്തു. പദ്ധതി വർഷം 341250 രൂപ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് നല്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകതിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഭവനപുനരുദ്ധാരണം-ജനറൽ പൂർത്തീകരിക്കേണ്ടതാണ്

പദ്ധതി നമ്പർ : 68/2016-17

അടങ്കൽ – 2250000

ചെലവ് – 1618650

ബിൽ നം. 4/2016-17/28-2-2017

ബിൽ നം. 7/2016-17/21-3-2017

ബിൽ നം. 8/2016-17/25-3-2017

ബിൽ നം. 10/2016-17/30-3-2017

ബിൽ നം. 11/2016-17/31-3-2017

നി.ഉദ്യോഗസ്ഥൻ വിഇഒ എട്ടുമന

ചേർപ്പ് പഞ്ചായത്തിന്റെ 2016-17 വർഷത്തിൽ നടപ്പിലാക്കിയ ഭവനപുനരുദ്ധാരണം -ജനറൽ പദ്ധതിയിൽ 90 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരുന്നത്. 2250000 രൂപ വകയിരുത്തിയിട്ടുള്ള പദ്ധതിയിൽ 1618650 രൂപയാണ് 2016-17 സാമ്പത്തികവർഷത്തിൽ ചെലവഴിച്ചിട്ടുള്ളത്. 90 ഗുണഭോക്താക്കളിൽ 66 പേരുടെ ഭവനപൂനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ കൂടി ഭവനപൂനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പൊതുടാപ്പ്-സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്

കോരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കട ഹെൽത്ത് ഡിവിഷന്റെ 7/2016ലെ A5 2633/2006 dt. 2/8/2017ഡിമാന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 534 പൊതുടാപ്പുകളാണ് ഉള്ളത്. 5250 രൂപ വെച്ച് പ്രതിമാസം 2803500 രൂപ വാട്ടർചാർജ്ജ് ഇനത്തിൽ അടവാക്കി വരുന്നുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിൽ 534 പൊതുടാപ്പുകൾക്കാണ് വാട്ടർ ചാർജ്ജ് അടവാക്കുന്നത്. പഞ്ചായത്തിലെ പൊതുടാപ്പുകളുടെയും തെരുവുവിളക്കുകളുടെയും എണ്ണത്തിൽ വ്യക്തത വരുത്തുന്നതിന് പഞ്ചയത്ത് കമ്മിറ്റിയിൽ തീരുമാനമായതിൻ പ്രകാരം ഓരോ റോഡിലും സ്ഥിതി ചെയ്യുന്ന തെരുവുവിളക്കുകളുടേയും പൊതുടാപ്പുകളുടെയും എണ്ണം തിട്ടപ്പെടുത്തി റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ടി നിശ്ചിത രീതിയിലുള്ള പ്രൊഫോർമ എല്ലാ വാർഡു മെമ്പർമാർക്കും നല്കിയിട്ടുണ്ട്. മെമ്പർമാരിൽ നിന്നും റിപ്പോർട്ടു ലഭിക്കുന്ന മുറയ്ക്ക് ആയത് ബന്ധപ്പെട്ട അധികൃതരെ അറിയിക്കുന്നതും സംയുക്ത പരിശോധന നടത്തുന്നതുമാണ്.

മേൽ നടപടികൾ എത്രയും വേഗം പൂർത്തീകരിച്ച് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 പൈക്ക ഫണ്ട് അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക വിനിയോഗിക്കേണ്ടതാണ്

പൈക്ക അക്കൗണ്ടിൽ 162165 രൂപ നീക്കിയിരുപ്പുണ്ട്. അക്കൗണ്ടിൽ ഇത്രയും തുക നീക്കിയിരുപ്പുള്ളപ്പോൾ തന്നെ ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ പൈക്ക ഇനത്തിലെ നീക്കിയിരുപ്പായി കാണിച്ചിരിക്കുന്നത് 36000 രൂപ മാത്രമാണ്. മാത്രമല്ല TDCB A/C NO. 80000740618 ന്റെ പാസ്സ് ബുക്ക് 2015 മാർച്ച് വരെ മാത്രമേ അപ്ഡേറ്റ് ചെയ്തിട്ടുള്ളൂ എന്നും കാണുന്നു. സ്പോട്സ് ഉപകരണങ്ങൾ സപ്ലൈ ചെയത കമ്പനിയുമായി ഗുണമേന്മയെചൊല്ലി കേസ് നിലനിൽക്കുന്നുണ്ട്. പ്രസ്തുത കേസ് ഫയൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഏറ്റവും

പുതിയ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നം S034/2017

അടങ്കൽ 625000

ചെലവ്. 625000

ബിൽ നം 2/2016-17/21-3-2017

നി.ഉ വെറ്ററിനറി സർജൻ,ചേർപ്പ്.

2016-17 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിൽ 50 ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2017 ഏപ്രിൽ മാസം മുതലാണ് കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടുള്ളത്. ഇതുവരെയായി (11-8-2017 വരെ) 5മാസത്തെ കാലിത്തീറ്റ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ലിജ്ജ തോമസ്, ചെമ്പൻ ഹൗസ്, പനങ്കുളം എന്ന ഗുണഭോക്താവ് കാലിത്തീറ്റ കൈപറ്റുന്നില്ല എന്നാണ് എട്ടുമന ക്ഷീരവികസന സമിതിയുടെ വിതരണ രജിസ്റ്ററിൽ നിന്ന് മനസിലാക്കാൻ കഴിഞ്ഞത്. ശ്രീ.ലിജ്ജ തോമസ് പദ്ധതിയിൽ തുടരുന്നില്ലെങ്കിൽ പ്രസ്തുത വ്യക്തിക്കുവേണ്ടി അടവാക്കിയ പഞ്ചായത്ത് വിഹിതം തിരിച്ച് പഞ്ചായത്തിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 കേരളോത്സവം - യുവജനക്ഷേമബോർഡിൽനിന്നുമുള്ള ധനസഹായം ലഭിക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കേരളോത്സവം (so 023/17)എന്ന പദ്ധതിയിൽ ആകെ അടങ്കൽതുകയായ 50,000 രൂപയും വികസനഫണ്ടിൽനിന്നാണ് വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിരിക്കുന്നത്. സാധാരണയായി സംസ്ഥാന യുവജനക്ഷേമബോർഡിൽനിന്നും ലഭിക്കുന്ന ധനസഹായവും കേരളോത്സവത്തിന് ഉപയുക്തമാക്കാറുണ്ട്. എന്നാൽ 2016-17 കേരളോത്സവത്തിൽ യുവജനക്ഷേമബോർഡിൽനിന്നും വിഹിതം ലഭിച്ചിട്ടില്ല. യുവജനക്ഷേമബോർഡിൽനിന്നും ധനസഹായം ലഭിക്കാനുള്ള നടപടികളെടുക്കേണ്ടതാണ്.

## 3-12 രശീതി, ധനവിനിയോഗസർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് അടവാക്കിയ തുകക്ക് രശീതി, ധനവിനിയോഗസർട്ടിഫിക്കറ്റ് എന്നിവ ലഭിക്കാതെയും പ്രവൃത്തി പൂർത്തീകരിക്കാതെയുമുണ്ട്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു;

| | പദ്ധതി | ചെലവ് | ട്രഷറിബിൽ | ആർക്ക് നൽകി | റിമാർക്സ് |
|---|---|---|---|---|---|
| 1 | അങ്കണവാടികൾക്ക് കുടിവെള്ളസൗകര്യം ലഭ്യമാക്കൽ(so 058/17) | 99,500 | 23/16-17 തീ. 31.03.17 | കേരളവാട്ടർ അതോറിറ്റി | പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ധനവിനിയോഗ സർട്ടിഫിക്കറ്റ്ഹാജരാക്കേണ്ടതാണ്. |
| 2 | സാമൂഹ്യസുരക്ഷാ മിഷൻ സംഭാവന(so 131/17) | 5,00,000 | 8/16-17 തീ.28.02.17 | സാമൂഹ്യസുരക്ഷാ മിഷൻ | ധനവിനിയോഗ സർട്ടിഫിക്കറ്റ്,രശീതി ലഭിച്ചിട്ടില്ല |
| 3 | പഞ്ചായത്തിന്റെ വിവിധ | 6,12,515 | 27/16-17 തീ.31.03.17 | KSEB | KSEB-യുമായി ഒപ്പിട്ട കരാറിൽ പ്രവൃത്തി എന്ന് പൂർത്തിയാക്കുമെന്ന് |

| | | | | |
|---|---|---|---|---|
| വാർഡുകളിൽ സ്ലീറ്റ് മെയിൻ വലിക്കൽ (so 133/17) | | | | വ്യക്തമാക്കിയിട്ടില്ല. ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. |

മേൽ വിഷയങ്ങളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

## 3-13 കമ്പ്യൂട്ടറുകളുടെയും അനുബന്ധസാമഗ്രികളുടെയും വാങ്ങൽ - നടപടിക്രമങ്ങളിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ കമ്പ്യൂട്ടറുകളും അനുബന്ധസാമഗ്രികളും വാങ്ങൽ (so 129/17) എന്ന പദ്ധതിക്കായി ട്രഷറിബിൽ 20/16-17 തീ.15.03.17 പ്രകാരം 3,15,100 രൂപ ചെലവഴിച്ചിട്ടുണ്ട്. 09.01.17-ലെ ടെണ്ടർ നോട്ടീസ് നം.എ4-10775/2017 പ്രകാരം ടെണ്ടറുകൾ ക്ഷണിച്ചതിന് 4 ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്.

i)ഹാൽസിയോൺ ട്രാൻസ്മിഷൻ ടെക്നോളജീസ്, പെരിന്തൽമണ്ണ.

ii)എ ഡോട്ട് കമ്പ്യൂട്ടേഴ്സ്, തൃശ്ശൂർ.

iii)ലെജണ്ടറി ഡിസ്ട്രിബ്യൂട്ടേഴ്സ്, കടവന്ത്ര, കൊച്ചി.

iv)പി.സി.ക്ലിനിക്, കൊക്കാല, തൃശ്ശൂർ.

വിതരണം ചെയ്യേണ്ട ഉപകരണങ്ങൾ താഴെ ചേർക്കുന്നു;

എ) ISI നിലവാരമുള്ള കമ്പ്യൂട്ടർ

ബി) ലേസർ പ്രിന്റർ

സി) കളർ പ്രിന്റർ

ഡി) മൾട്ടി ഫങ്ങ്ഷൻ പ്രിന്റർ

പർച്ചേസ് കമ്മിറ്റിയുടെ 15.02.17-ലെ തീരുമാനം നം.1 പ്രകാരം ഹാൽസിയോൺ ട്രാൻസ്മിഷൻ ടെക്നോളജീസാണ് കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയതെന്ന് യോഗം വിലയിരുത്തുകയും ആയത് പ്രകാരം സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ എന്നിവയുടെ കാര്യക്ഷമതയും ടെക്നിക്കൽ അസിസ്റ്റന്റിന്റെ റിപ്പോർട്ടും യോഗം പരിശോധിച്ചുവെന്നും ആയത് തൃപ്തികരമായതിനാൽ പ്രസ്തുത സ്ഥാപനത്തിൽനിന്നും സാധനസാമഗ്രികൾ സപ്ലൈ ചെയ്തതിന് തുക അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ഉണ്ടായിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റിയുടെ 08.02.17-ലെ 396(1)/17 -ലെ തീരുമാനപ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഹാൽസിയോൺ ട്രാൻസ്മിഷൻ ടെക്നോളജീസിന്റെ ടെണ്ടർ അംഗീകരിച്ചു. തുടർന്ന് 28.02.17-ലെ എ4-10775/2017 നം.കത്തുപ്രകാരം Purchase order നൽകുകയും Invoice No.520/.1.03.17 പ്രകാരം സ്ഥാപനം കമ്പ്യൂട്ടറുകളും അനുബന്ധസാമഗ്രികളും വിതരണം ചെയ്യുകയുമുണ്ടായിട്ടുണ്ട്. പദ്ധതിയുടെഫയൽ പരിശോധിച്ചതിൽനിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ ഹാൽസിയോൺ ട്രാൻസ്മിഷൻ ടെക്നോളജീസിൽ നിന്നാണ് മൾട്ടി ഫങ്ങ്ഷൻ പ്രിന്റർ വാങ്ങിയിരിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകി ഓഡിറ്റ് എൻക്വയറിക്ക് (നം.11)നൽകിയ മറുപടിയിൽ മൾട്ടിഫങ്ങ്ഷൻ പ്രിന്റർ ഒരെണ്ണം മാത്രമായി വിതരണം ചെയ്യുന്നതിന് മറ്റ് സ്ഥാപനങ്ങൾ തയ്യാറാകാത്ത സാഹചര്യം ഉണ്ടായിരുന്നുവെന്ന് പറയുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽനിന്നും മറ്റ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതിന് രേഖകളൊന്നുമില്ല. മാത്രവുമല്ല ഓരോ ഇനത്തിനും പ്രത്യേകം കുറഞ്ഞനിരക്ക് രേഖപ്പെടുത്തുന്ന ടെണ്ടറുകൾ സ്വീകരിക്കുമെന്ന വ്യവസ്ഥ ടെണ്ടർ നോട്ടീസിൽ ഉൾക്കൊള്ളിച്ചിരുന്നുവെങ്കിൽ ഇത്തരമൊരു അവസ്ഥ ഒഴിവാക്കാവുന്നതായിരുന്നു. കൂടാതെ

ഹാൽസിയോൺ വിതരണം ചെയ്ത പ്രിന്ററിന് അധിക സ്പെസിഫിക്കേഷൻ ഉള്ളതിനാലാണ് പ്രസ്തുത പ്രിന്റർ വാങ്ങിയതെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ടെണ്ടർ നോട്ടീസിൽ Duplex print, Scan & Copy എന്നീ സ്പെസിഫിക്കേഷൻ മാത്രമാണ് നൽകിയിരുന്നത്.

2.ടെണ്ടർ നോട്ടീസിൽ വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് ISI മുദ്രയും replacement wararnty-യും ഉണ്ടായിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ അത്തരത്തിലുള്ള രേഖപ്പെടുത്തലുകൾ കാണുന്നില്ല. കൂടാതെ വിതരണം ചെയ്ത സാധനങ്ങൾക്ക് ISI മുദ്ര ഉണ്ടോയെന്ന് പരിശോധിച്ച് അറിയിക്കേണ്ടതാണ്.

3.കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിനുള്ള മാർഗ്ഗരേഖ [GO(P)No.259/2010/LSGD Dt.08.11.2010] പ്രകാരം പ്രൊക്യൂർമെന്റ് /പർച്ചേസ് കമ്മിറ്റിയുടെ ശുപാർശയിൻമേൽ പഞ്ചായത്ത് കമ്മിറ്റിയാണ് തീരുമാനമെടുക്കേണ്ടത്. എന്നാൽ ഇവിടെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനുശേഷമാണ് പ്രൊക്യൂർമെന്റ് / പർച്ചേസ് കമ്മിറ്റി തീരുമാനം ഉണ്ടായിട്ടുള്ളത്.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ മറുപടിയുടെ അഭാവത്തിൽ ചെലവുതുക 3,15,100 രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 പഞ്ചായത്തിലേക്ക് ജനറേറ്റർ വാങ്ങൽ

*'പഞ്ചായത്തിലേക്ക് ജനറേറ്റർ വാങ്ങൽ '*എന്നപദ്ധതിയിൽ (S0130/17) ട്രഷറിബിൽ 24/16-17 തീ.31.03.17 പ്രകാരം 4,55,155 രൂപ ചെലവഴിച്ച് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും ഡീസൽ ജനറേറ്റർ വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ചില വിഷയങ്ങളിൽ അവ്യക്തതയുണ്ട്. ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.8)തൃപ്തികരമായ മറുപടി ലഭിക്കുകയുണ്ടായില്ല. അപാകതകൾ താഴെ ചേർക്കുന്നു;

1.ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നൽകിയ സ്കീം അപ്രൂവലിൽ (No.B2-3464/17/EIRDt.06.06.17)താഴെ കൊടുത്ത വ്യവസ്ഥകൾ കാണുന്നു;

*" This is only approval of scheme. The work shall be got carried out by the contractor and completion report submitted to this office for inspection and further issue of sanction for energisation. Please note that energising the installation without sanction order attracts penal action under statutes."*

മേൽ കൊടുത്തിട്ടുള്ള നിർദ്ദേശപ്രകാരം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതിയില്ലാതെ ജനറേറ്റർ പ്രവർത്തിപ്പിക്കുന്നത് ശിക്ഷാർഹമാണ്. എന്നാൽ മേൽ അനുമതിയില്ലാതെ ജനറേറ്റർ പ്രവർത്തിപ്പിച്ചതായി കാണുന്നു (ജനറേറ്ററിന്റെ ഭൗതിക പതിശോധനയിൽ ജനറേറ്ററിന്റെ മീറ്ററിൽ 81 യൂണിറ്റ് കാണിക്കുന്നുണ്ട്.)

2.ജനറേറ്റർ വീതരണം ചെയ്ത സ്ഥാപനവുമായി കരാർ ഒപ്പിട്ടിട്ടില്ല.

3.സ്റ്റോക്ക് രജിസ്റ്ററിൽ വാറന്റി / പെർഫോർമൻസ് ഗാരന്റി എന്നിവയെപറ്റി പരാമർശമില്ല.

4.ടെണ്ടർനോട്ടീസിൽ വിതരണം ചെയ്യുന്ന ജനറേറ്ററിന് ISI മുദ്രയുണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത മുദ്ര ഉള്ളതായി കാണുന്നില്ല.

മേൽ അപാകതകളിൽ നടപടിയെടുക്കുന്നതുവരേക്ക് ചെലവുതുക 4,55,155 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-15 നെൽകൃഷിവികസനം - നെൽവിത്ത് വിതരണം ചെയ്തതിന് കൈപ്പറ്റ് രശീതി ലഭിച്ചില്ല.

ട്രഷറി ബിൽ നം.2/16-17 തീ.28.02.17 Rs.17,66,985

ട്രഷറി ബിൽ നം.3/16-17 തീ.31.03.17 Rs. 4,00,000

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'നെൽകൃഷിവികസനം'(so 036/17) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.National Seed Corporation, Kerala State Seed Development Authority, Kodannur Kole Farming Co-op. Society എന്നിവിടങ്ങളിൽ നിന്നായി 60,630 കി.ഗ്രാം നെൽവിത്ത് വാങ്ങിയതിൽ 42,225 കി.ഗ്രാം നെൽവിത്ത് വിതരണം ചെയ്തതിന്റെ രശീതി മാത്രമാണ് ലഭിച്ചത്.

ചേന്ദം തരിശ്ശ് പടവ് - 17,205 കി.ഗ്രാം

ജൂബിലി തേവർ പാടശേഖരകമ്മിറ്റി - 25,020 കി.ഗ്രാം

------------------

42,225 കി.ഗ്രാം

===========

2.നെൽകൃഷിക്കുള്ള കൂലിചെലവ് സബ്സിഡി NEFT മുഖാന്തിരം കർഷകരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയതിന് കർഷകരുടെ കൈപ്പറ്റ് രശീതി ലഭിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി നൽകുന്നതുവരേക്ക് ചെലവുതുക 21,66,985 രൂപ തടസ്സത്തിൽവെക്കുന്നു.

## 3-16 തെരുവുവിളക്കുകൾക്കാവശ്യമായ സാമഗ്രികൾ വാങ്ങൽ - അപാകങ്ങൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ '*തെരുവുവിളക്കുകൾക്കാവശ്യമായ സാമഗ്രികൾവാങ്ങൽ*' എന്ന പദ്ധതിക്കായി ട്രഷറി ബിൽനം.7/16-17 തീ.28.02.17 പ്രകാരം 6,99,196 രൂപ ചെലവുവന്നിട്ടുണ്ട്.

സ.ഉ.(സാധാ)നം.2238/2016/തസ്വഭവ തീ.25.07.16 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിന് അനുമതി നൽകുന്നതോടൊപ്പം വാങ്ങുന്ന സാധനങ്ങൾക്ക് ടെണ്ടർ വിളിക്കുമ്പോൾ performance guarantee ആവശ്യപ്പെടേണ്ടതും അതിന് അനുസരിച്ചുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഇത്തരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee-യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽനിന്നും കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തപ്പോൾ performance guarantee ചേർത്തതായി കാണുന്നില്ല.

2)09.11.16-ൽ തുറന്ന ടെണ്ടറുകളിൽ, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ABC Marketing, Karoor എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 11.11.2016 -ലെ 326(2)/16 നം. തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അതേ തീയ്യതിയിലെ എ4-10775/2016 നം.കത്ത് പ്രകാരം നെഗോസിയെഷൻ നടത്തുന്നതിനായി 16.11.2016-ന് പഞ്ചായത്ത് ഓഫീസിൽ ഹാജരാകാൻ സ്ഥാപനത്തോട് ആവശ്യപ്പെട്ടു. തുടർന്ന് അന്നു തന്നെ നെഗോസിയേറ്റഡ് നിരക്കുകൾ സ്ഥാപനം സമർപ്പിച്ചു. 29.11.16-ലെ എ4-10775/16 നം. കത്തുപ്രകാരം തെരുവുവിളക്കുകൾക്കാവശ്യമായ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിനായി ആവശ്യമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കി പഞ്ചായത്തുമായി കരാർ ഉടമ്പടി വെക്കുന്നതിന് സ്ഥാപനത്തോട് ആവശ്യപ്പെട്ടു. 30.11.2016-ന് സപ്ളൈ ഓർഡർ നൽകി. പർച്ചേസ്/പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽനിന്നും ടെണ്ടറുകൾ പർച്ചേസ്/പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനക്ക് വന്നത് 30.11.16-നാണെന്ന് കാണുന്നു. വാങ്ങലുമായി ബന്ധപ്പെട്ട എല്ലാ നടപടികളും പൂർത്തിയായതിനുശേഷം പർച്ചേസ് / പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനത്തിന് സാംഗത്യമില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്,ബത്ത നൽകൽ<br>(ജനറൽ) | 150000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 450000 | നെൽകൃഷി വികസനം | 450000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 400000 | നെൽകൃഷി വികസനം | 354727 | 45273 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി,ചേർപ്പ്<br>കെ.എസ്.ഇ.ബി,കരുവന്നൂർ | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ(പ്രൊജ.നം133/17) | 21601161/31.3.17<br>21601161/31.3.17 | 452370<br>160145 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | |
| കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ, ഇരിങ്ങാലക്കട | അംഗൻവാടികൾക്ക് കുടിവെള്ളസൗകര്യം ലഭ്യമാക്കൽ (പ്രൊജ.നം58/17) | 21601159/31.3.17 | 99500 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെപേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പതുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ പഞ്ചായത്ത് ഭവന പദ്ധതി | 256/ഡി.ബി1 /15/തസ്വഭവ, 23.9.2015 | 20000000 | 20000000 | 1700000 | 554696 | 18300000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8500 |
| തൻവർഷം നിക്ഷേപിച്ച തുക | 4660 |
| ആകെ | 13160 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 3500 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 9660 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെകൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ചേർപ്പ് സർവ്വീസ് സഹകരണ ബാങ്ക് | 5000 രൂപ |
| KSFE ചേർപ്പ് | 4660 രൂപ |
| ആകെ | 9660 രൂപ |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം 8370രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-5 | 631 | എം എൻ വിജയൻ കോൺട്രാക്ടർ | 111603104171dt 21.10.16 |
| 2012-13 | 3-5 | 5166 | കെ എസ് സുനിൽകുമാർ,കോൺട്രാക്ടർ | 11603104173/21.10.16 |

| | | | | |
|---|---|---|---|---|
| 2012-13 | 3.5 | 2334 | കൺവീനർ പാടശേഖര സമിതി | 11603104172/21.10.16 |
| 1993-94 | 15 | 239 | വി എസ് അംബിക സ്റ്റാഫ് | 110603104474/5.11.2016 |

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ എല്ലാ വിശദാംശങ്ങളും ചേർത്തിട്ടില്ല. രജിസ്റ്ററിൽ എല്ലാ വിവരങ്ങളും ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57116131 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53754631 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2937240 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13 | 315100 | മീതിയൻ എം.എം., സെക്രട്ടറി |
| 3-14 | 455155 | മീതിയൻ എം.എം., സെക്രട്ടറി |
| 3-15 | 2166985 | ഷൈലജ കെ.എസ്, കൃഷി ഓഫീസർ |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക സമാഹൃത റിപ്പോർട്ട് വർഷം<br>ഖണ്ഡിക വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 84-85,85-86,86-87,<br>87-88,88-89,89-90, 90-91,91-92,92-93, 93-94,94-95,95-96 | എൽ.എഫ്.ടി(എസ്2)-795/11/ 25.07.11/ 01.10.11 | |
| 1996-97 | എൽ.എഫ്.ടി 15-1727/97 തിയതി 15.05.98 | |
| 1997-98 | എൽ.എഫ്.ടി 15-843/2000 തിയതി 04.07.00 | |
| 1998-99 | എൽ.എഫ്.ടി 15-850/2000 തിയതി 09.11.00 | |
| 1999-00 (ചെലവ്) | എൽ.എഫ്.ടി 15-715/03 തിയതി 05.12.03 | |
| 1999-00 (വരവ്) | എൽ.എഫ്.ടി 15-411/06/ തിയതി 20.01.06 | |
| 2000-01 | എൽ.എഫ്.ടി15-729/05/ 22.12.05 | |
| 2001-02 | എൽ.എഫ്.ടി15-728/05/ 20.01.06 | |
| 2002-03 | എൽ.എഫ്.ടി15-267/06/ 06.08.06 | |
| 2003-04 | എൽ.എഫ്.ടി15-2791/07/ 16.04.07 | |
| 2004-05 | എൽ.എഫ്.ടി15-1701/06/ 02.06.10 | |
| 2005-06 | എൽ.എഫ്.ടി15-1702/06/ 02.06.10 | |
| 2006-07 | എൽ.എഫ്.ടി15-536/10/ 29.01.11 | |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.ടി15-539/10/ 29.01.11 | |
| 2008-09 | എൽ.എഫ്.ടി15-556/11/ 11.10.11 | |
| 2009-10 | എൽ.എഫ്.ടി. പി9-857/11/ 11.10.11/04.11.11 | |
| 2010-11 | എൽ.എഫ്.ടി.പി.2-2297/12തിയതി 14.02.13/15.06.13 | |
| 2011-12 | എൽ.എഫ്.ടി.പി.2-352/13 തിയതി 07.08.13/ 06.12.13 | |
| 2012-13 | എൽ.എഫ്.ടി.പി.2-321/14 തിയതി 06.06.14/02.08.14 | |
| 2013-14 | എൽ.എഫ്.ടി.പി.2-1926/14 തിയതി 16.04.15/22.06.15 | |
| 2014-15 | കെ.എസ്.എ ടി.എസ്.ആർ (പി.2)605/16 തിയതി3.6.2016 | |
| 2015-16 | കെ.എസ്.എ ടി.എസ്.ആർ (പി.2)2079 /16 തിയതി16.12. 2016 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ (പി2)1358/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 07.09.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No. KSA-TSR(P2)1358/2017

Kerala State Audit Department

District Audit Office

Thrissur- 680 020

Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 07.09.2017

# AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Cherppu Gramapanchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Cherppu Gramapanchayath for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur.